**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5810** **08-11-2021 - ൽ മറുപടിയ്ക്ക്**

**കൈത്തറി ഉല്പന്നങ്ങൾക്ക് ജ്യോഗ്രഫിക്കൽ ഇൻഡിക്കേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് ,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കൈത്തറി ഉൽപന്നങ്ങൾക്ക് ജ്യോഗ്രഫിക്കൽ ഇൻഡിക്കേഷൻ നൽകുന്നതിനുവേണ്ടി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (എ) | കൈത്തറി ഉൽപ്പന്നങ്ങൾക്ക് ജ്യോഗ്രഫിക്കൽ ഇൻഡിക്കേഷൻ നൽകുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബാലരാമപുരം സാരീസ് & ഫൈൻ കോട്ടൺ ഫാബ്രിക്സ്, ചേന്ദമംഗലം ദോത്തീസ് & സെറ്റ്മുണ്ട്, കുത്താമ്പുള്ളി സാരീസ് & ഫൈൻ കോട്ടൺ ഫാബ്രിക്, കാസർഗോഡ് സാരീസ്, കുത്താമ്പുളി ദോത്തീസ് & സെറ്റ്മുണ്ട്, കണ്ണൂർ ഹോം ഫർണിഷിംഗ് എന്നീ ഉൽപ്പന്നങ്ങൾക്ക് ജ്യോഗ്രഫിക്കൽ ഇൻഡിക്കേഷൻ ലഭിച്ചിട്ടുണ്ട്. ജ്യോഗ്രഫിക്കൽ ഇൻഡിക്കേഷൻ (ജി.ഐ) ഉൽപ്പന്നങ്ങളുടെ വികസനത്തിനായി നിരവധി സെമിനാറുകളും വർക്ക്ഷോപ്പുകളും നടത്തിയിട്ടുണ്ട്. ഉൽസവകാലങ്ങളിൽ ദൃശ്യ- ശ്രാവ്യ മാധ്യമങ്ങളിലൂടെയും, ന്യൂസ് പേപ്പർ - മാഗസിനു കളിലൂടെയും, സിനിമാ തീയേറ്ററുകളിലും ജി.ഐ ഉൽപ്പന്നങ്ങൾ പ്രചരിപ്പിക്കുന്ന പരസ്യം നൽകി യിട്ടുണ്ട്. ഇതെല്ലാം ജി.ഐ ഉൽപ്പന്നങ്ങളുടെ വിൽപ്പന വർദ്ധിക്കുന്നതിനു കാരണമായിട്ടുണ്ട്. ജ്യോഗ്രഫിക്കൽ ഇൻഡിക്കേഷൻ പദവി ലഭിച്ചതിലൂടെ ലോകവ്യാപാര മേഖലയിൽ കൈത്തറി ഉൽപ്പന്നങ്ങൾക്ക് കൂടുതൽ പ്രശസ്തിയും ഡിമാന്റും വർദ്ധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ